പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1647 — 16.03.2015-ൽ മറുപടിക്ക്

## ത്രിതലപഞ്ചായത്തുകളിലെ മാലിന്യസംസ്കരണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിലെ മാലിന്യസംസ്കരണ പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) | നടക്കുന്നുണ്ട്. ഖരമാലിന്യ സംസ്ക്കരണ പദ്ധതിയുടെ നിർവ്വഹണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമാലിന്യ പരിപാലനത്തിനും വീടുകളിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിനും വേണ്ടുന്ന പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള സാങ്കേതിക സഹായവും അവയ്ക്ക് സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു. 2012-13 വർഷത്തിൽ 329 ഗ്രാമപഞ്ചായത്തുകൾക്കും 2013-14 വർഷത്തിൽ 333 ഗ്രാമപഞ്ചായത്തുകൾക്കും സാങ്കേതികാനുമതിയും ഭാഗീക സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. കൂടാതെ 2014-15 വർഷത്തിൽ പ്രോജക്ട് സമർപ്പിച്ച 58 ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിനുള്ള സാമ്പത്തിക സഹായവും നൽകാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ ത്രിതലപഞ്ചായത്തുകൾക്ക് മാലിന്യസംസ്കരണത്തിനായി ശുചിത്വമിഷനിൽ നിന്നും അനുവദിച്ച ഫണ്ട് സംബന്ധിച്ച് വിശദമാക്കാമോ; | (ബി) & (സി) | നടപ്പു സാമ്പത്തിക വർഷത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മാലിന്യ സംസ്ക്കരണത്തിനായി നൽകാനുള്ള ഫണ്ട് അനുവദിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഫണ്ട് ചെലവഴിക്കാത്ത തദ്ദേശസ്ഥാപനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ